എ.വൈ.ആര്‍

ദൈവം നല്‍കുന്ന സമ്പദ്സമൃദ്ധിയും സൗഭാഗ്യങ്ങളും സദ്ബുദ്ധിയുള്ളവരെ അഹങ്കാരികളും ധിക്കാരികളുമാക്കുകയില്ല. എത്രയധികം അനുഗൃഹീതരാകുന്നുവോ അവരുടെ വിനയവും ദൈവദാസ്യവും അത്രയധികം വളരുന്നു. ഈ ലോകത്ത് മറ്റാര്‍ക്കും ലഭിച്ചിട്ടില്ലാത്ത പല സൗഭാഗ്യങ്ങള്‍ കൊണ്ടും അനുഗൃഹീതരായിരുന്നു ദാവൂദും(അ) സുലൈമാനും (അ). സൗഭാഗ്യങ്ങളുടെ സമൃദ്ധി, അതെല്ലാം അല്ലാഹു കനിഞ്ഞരുളിയതാണ് എന്ന യാഥാര്‍ഥ്യത്തില്‍ നിന്ന് അവരുടെ ഹൃദയത്തെ അല്‍പവും വ്യതിചലിപ്പിച്ചില്ല.



# അന്നംല്

സൂറയുടെ ഏറ്റവും പ്രസിദ്ധവും ആധികാരികവുമായ പേരാണ് *അന്നംല്*. 18-ാം സൂക്തത്തില്‍ വാദിന്നംലി (ഉറുമ്പിന്റെ താഴ്‌വര)നെ പരാമര്‍ശിക്കുന്നതുകൊണ്ടാണ് ഈ പേര് സിദ്ധിച്ചത്. സുലൈമാന്‍ നബിയുടെ കഥ വിസ്തരിച്ചു പറയുന്ന സൂറ എന്ന നിലയില്‍ 'സൂറതു സുലൈമാന്‍' എന്നും ഹുദ്ഹുദി (മരംകൊത്തിപ്പക്ഷി)നെ പരാമര്‍ശിക്കുന്ന സൂറ എന്ന നിലയില്‍ സൂറതുല്‍ ഹുദ്ഹുദ് എന്നും ചിലര്‍ ഇതിനെ വിളിച്ചിട്ടുണ്ട്.

ഈ സൂറയുടെ അവതരണം മക്കയിലാണെന്ന കാര്യത്തില്‍ തര്‍ക്കമില്ല. മുസ്ഹഫില്‍ 27-ാമതായി ചേര്‍ത്തിട്ടുള്ള *അന്നംല്* അവതരണക്രമമനുസരിച്ച് 48-ാം സൂറയാണ്. സൂറ *അശ്ശുഅറാഇ*നുശേഷം സൂറ *അല്‍ഖസ്വസി*നു മുമ്പായിട്ടാണ് ഇതവതരിച്ചതെന്നും മൂന്നിന്റെയും അവതരണം മുസ്ഹഫില്‍ ചേര്‍ത്ത പ്രകാരം തുടര്‍ച്ചയായിട്ടാണെന്നും ഇബ്നു അബ്ബാസ്, സഈദുബ്നു ജുബൈര്‍ തുടങ്ങിയവര്‍ പ്രസ്താവിച്ചിരിക്കുന്നു. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മധ്യദശയില്‍, *അശ്ശുഅറാഅ്* അവതരിച്ച ചരിത്ര പശ്ചാത്തലം തന്നെയാണ് ഈ സൂറയുടെയും അവതരണ പശ്ചാത്തലം.

വിശുദ്ധ ഖുര്‍ആന്‍ ജോത്സ്യശ്ലോകങ്ങളോ കവിവചനങ്ങളോ അല്ല; മറിച്ച് അല്ലാഹു അവതരിപ്പിച്ച സദ്‌വചനങ്ങളാണ്. ആ സത്യം അംഗീകരിക്കാന്‍ കൂട്ടാക്കാത്തവര്‍ അതിലെ മുന്നറിയിപ്പുകളെ പുഛിച്ചു തള്ളുന്നു. നിഷേധികള്‍ തങ്ങള്‍ക്കു മുന്നറിയിപ്പു ലഭിക്കുന്ന ആപത്തുകള്‍ സംഭവിച്ചുകാണണമെന്നു ശഠിക്കുന്നു. എന്നാല്‍ ദൈവം നിയോഗിച്ച സത്യപ്രവാചകന്മാരുടെ ധര്‍മോപദേശവും മുന്നറിയിപ്പുകളും തള്ളിക്കളഞ്ഞ സമുദായങ്ങളുടെ ദുരന്ത പര്യവസാനത്തില്‍നിന്ന് പാഠം പഠിക്കാന്‍ അവര്‍ തയാറാകുന്നില്ല. ഇതായിരുന്നുവല്ലോ കഴിഞ്ഞ സൂറ വിശദീകരിച്ച വിഷയം. ഈ സൂറ വിശദീകരിക്കുന്നത് ഈ ഖുര്‍ആന്‍ ജനങ്ങള്‍ക്ക് സന്മാര്‍ഗദര്‍ശനവും സുവിശേഷവുമായി അല്ലാഹു അവതരിപ്പിച്ചതാണെന്നും പരലോകബോധമുള്ളവര്‍ക്കു മാത്രമേ അതില്‍ വിശ്വസിക്കാനും പിന്തുടരാനും കഴിയൂ എന്നുമാണ്. മനുഷ്യന് ഭൗതികജീവിതം മാത്രമേയുള്ളൂവെന്നും അത് ആസ്വദിക്കുക മാത്രമാണ് മനുഷ്യധര്‍മമെന്നും കരുതുന്ന പരലോകനിഷേധികള്‍ക്ക് ഖുര്‍ആന്‍ അംഗീകരിക്കാനോ അതിന്റെ ഉപദേശങ്ങള്‍ കൈക്കൊള്ളാനോ കഴിയില്ല. ഭൗതികപ്രേമത്തിന്റെയും ആസക്തികളുടെയും ഇരുട്ടില്‍നിന്ന് സത്യത്തിന്റെയും ധര്‍മത്തിന്റെയും വെളിച്ചത്തിലേക്ക് കണ്ണുതുറക്കാന്‍ സന്നദ്ധതയുള്ളവര്‍ക്കു മാത്രമേ അതു പ്രയോജനപ്പെടൂ. കഴിഞ്ഞ സൂറയുടെ ചര്‍ച്ച അല്ലാഹുവിന്റെ അജയ്യന്‍, കരുണാമയന്‍ (عزيز ورحيم) എന്നീ ഗുണങ്ങളെ ആധാരമാക്കിയായിരുന്നു. ഈ സൂറ ആധാരമാക്കുന്നത് യുക്തിമാന്‍, സര്‍വജ്ഞന്‍ (حكيم وعليم) എന്നീ ഗുണങ്ങളെയാണ്. തികഞ്ഞ യുക്തിമാനും സര്‍വജ്ഞനുമായ അല്ലാഹുവാണ് ഈ ഖുര്‍ആന്‍ അവതരിപ്പിക്കുന്നത്, അവന്‍ ചെയ്യുന്നതെന്തും യുക്തിയിലും ജ്ഞാനത്തിലും അധിഷ്ഠിതമായിരിക്കും എന്നാണതിന്റെ താല്‍പര്യം. അതിനാല്‍ സത്യപ്രബോധകര്‍ അവരുടെ നാഥന്റെ യുക്തി വൈഭവത്തിലും സൂക്ഷ്മജ്ഞാനത്തിലും ഭരമേല്‍പിച്ചു പ്രവര്‍ത്തിക്കണം. എങ്കില്‍ അവന്‍ അവരെ വിശിഷ്ടമായ പരിണതികളിലേക്കു നയിക്കും.

ഈ ആശയങ്ങള്‍ വ്യക്തമാക്കാന്‍ ആദ്യമായി ഖുര്‍ആന്റെ ദൈവികതയും അതു പ്രയോജനപ്പെടുന്നവരുടെ സ്വഭാവവും പരാമര്‍ശിക്കുന്നു. തുടര്‍ന്ന് മൂസാ (അ) ഫറവോനെ പ്രബോധനം ചെയ്ത കഥ അനുസ്മരിക്കുന്നു. തന്റെ പ്രവാചകത്വത്തിന്റെയും സന്ദേശത്തിന്റെയും സത്യം തെളിയിക്കാന്‍ മൂസാ (അ) ഫറവോനു മുമ്പില്‍ പല ദൃഷ്ടാന്തങ്ങളും സമര്‍പ്പിച്ചു. അതൊക്കെയും സ്പഷ്ടമായ ദൈവിക ദൃഷ്ടാന്തങ്ങളാണെന്ന് ബോധ്യപ്പെട്ടിട്ടും ഫറവോന്‍ സമ്മതിക്കാന്‍ തയാറായില്ല. ഒടുവില്‍ ഫറവോനും പ്രഭൃതികളും മഹാനാശത്തിലകപ്പെട്ടു. സൂറയിലെ 35-ഓളം സൂക്തങ്ങളില്‍ ദാവൂദ്(അ), സുലൈമാന്‍(അ) പ്രവാചകന്മാരുടെ കഥ പറയുകയാണ്. സച്ചരിതരുടെയും സംസ്കര്‍ത്താക്കളുടെയും സ്വഭാവം ഉദാഹരിക്കുകയാണിതിലൂടെ.

ദൈവം നല്‍കുന്ന സമ്പദ്സമൃദ്ധിയും സൗഭാഗ്യങ്ങളും സദ്ബുദ്ധിയുള്ളവരെ അഹങ്കാരികളും ധിക്കാരികളുമാക്കുകയില്ല. എത്രയധികം അനുഗൃഹീതരാകുന്നുവോ അവരുടെ വിനയവും ദൈവദാസ്യവും അത്രയധികം വളരുന്നു. ഈ ലോകത്ത് മറ്റാര്‍ക്കും ലഭിച്ചിട്ടില്ലാത്ത പല സൗഭാഗ്യ

ങ്ങൾ കൊണ്ടും അനുഗൃഹീതരായിരുന്നു ദാവൂദും(അ) സുലൈമാനും (അ). സൗഭാഗ്യങ്ങളുടെ സമൃദ്ധി, അതെല്ലാം അല്ലാഹു കനിഞ്ഞരുളിയതാണ് എന്ന യാഥാർഥ്യത്തിൽനിന്ന് അവരുടെ ഹൃദയത്തെ അൽപവും വ്യതിചലിപ്പിച്ചില്ല. അനുഗ്രഹദാതാവായ അല്ലാഹു, തങ്ങൾ അവനോടു നന്ദിയുള്ളവരാണോ അല്ലേ എന്നു പരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന സത്യം ഒരിക്കലും മറന്നതുമില്ല.

സമ്പദ്സമൃദ്ധിയിലും മറ്റു ഭൗതിക ശക്തികളിലും അഹങ്കരിച്ച് സത്യധർമങ്ങളെ ധിക്കരിക്കുകയും നാട്ടിൽ നാശം പരത്തുകയും ചെയ്തവർക്ക് ഉദാഹരണമായി ഥമൂദ് ജനതയുടെയും ലൂത്വ് ജനതയുടെയും ചരിത്രങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ രണ്ടു സമുദായങ്ങളും അവരുടെ കാലത്തെ മഹാശക്തികളും സമ്പന്നരുമായിരുന്നു. സൗഭാഗ്യങ്ങൾ വിനയത്തിലേക്കും ദൈവവിചാരത്തിലേക്കും നയിക്കുന്നതിനു പകരം അവരെ നയിച്ചത് അഹന്തയിലേക്കും ധാർഷ്ട്യത്തിലേക്കുമാണ്. അതുകൊണ്ട് സ്വാലിഹ് നബി (അ)യും ലൂത്ത് നബി(അ)യും കത്തിച്ചുകാണിച്ച വെളിച്ചത്തിനു നേരെ അവർ കണ്ണുതുറക്കാൻ കൂട്ടാക്കിയില്ല. ഇരു സമുദായങ്ങളുടെയും ദയനീയവും രൗദ്രവുമായ ദുരന്തപര്യവസാനമായിരുന്നു അതിന്റെ ഫലം. ഈ രണ്ടു സമുദായങ്ങളുടെയും നാശാവശിഷ്ടങ്ങൾക്കിടയിലൂടെയാണ് ഖുറൈശികൾ അവരുടെ വ്യാപാരയാത്രകൾ നടത്തുന്നത്.

തുടർന്ന് ദൈവിക ദൃഷ്ടാന്തങ്ങൾക്കുവേണ്ടി ബഹളം കൂട്ടുന്നവരോട് പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾ ഒന്നൊന്നായി ചൂണ്ടിക്കാണിച്ചുകൊണ്ട് ചോദിക്കുന്നു. ഇതിൽ ഏതെങ്കിലുമൊന്നിനെ ഏകനായ സാക്ഷാൽ ദൈവത്തിലേക്കല്ലാതെ മറ്റാരിലേക്കെങ്കിലും ചേർത്തുപറയാൻ സാധിക്കുമോ? ഒരിക്കലുമില്ല എന്നിരിക്കെ മനുഷ്യർ സാക്ഷാൽ ദൈവമല്ലാത്തവരെ ദൈവങ്ങളാക്കി ആരാധിക്കുന്നതിലെന്തർഥം? എന്നിട്ടും ജനം കൃത്രിമ ദൈവങ്ങൾക്കുവേണ്ടി അല്ലാഹുവിനോടും അവന്റെ ദൂതനോടും പടക്കിറങ്ങുന്നു. എന്നാലോ ബഹുദൈവത്വത്തെയോ ബഹുദൈവങ്ങളെയോ സാധൂകരിക്കുന്ന യാതൊരു പ്രമാണവും തെളിവും അവതരിപ്പിക്കാൻ അവർക്ക് സാധിക്കുന്നുമില്ല. ഇതു തങ്ങളുടെ മഹത്തായ പൈതൃക സംസ്കാരമാണ്, പൂർവികർ പഠിപ്പിച്ചുതന്ന പാവനമായ ആചാരങ്ങളാണ് എന്നാണ് ഒടുവിൽ അവർക്ക് അവതരിപ്പിക്കാനുള്ള ന്യായം. ഈ ന്യായത്തിനു പക്ഷേ, യാഥാർഥ്യത്തിനുമുമ്പിൽ ഒട്ടും നിലനിൽപില്ല.

സത്യനിഷേധികളുടെ കുതന്ത്രങ്ങൾ കണ്ട് പരിഭ്രമിക്കരുതെന്ന് പ്രവാചകനെ ഉപദേശിച്ചുകൊണ്ടാണ് സൂറ സമാപിക്കുന്നത്. ദൈവിക ശിക്ഷ വന്നെത്താൻ ധൃതിപ്പെടുന്നവരോട് പറയേണ്ടതിതാണ്: സുഖസൗഭാഗ്യങ്ങളാസ്വദിച്ചുകൊണ്ട് ജീവിക്കാൻ നിങ്ങൾക്ക് ഈ അവസരം ലഭിച്ചതിന് അല്ലാഹുവിനോട് നന്ദിയുള്ളവരായി വർത്തിക്കുകയാണ് ചെയ്യേണ്ടത്, അല്ലാതെ ദൈവികശിക്ഷ ഉടനടി വന്നെത്തണമെന്ന് ആവശ്യപ്പെടുകയല്ല. ഈ ഖുർആൻ നിങ്ങളെ കേൾപ്പിക്കാനാണ് എനിക്ക് ലഭിച്ച ദൈവകൽപന. നിങ്ങളതു കേൾക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അതിന്റെ ദോഷമനുഭവിക്കേണ്ടത് നിങ്ങൾ തന്നെയാണ്. എനിക്ക് ഒരു ദോഷവുമില്ല. മുന്നറിയിപ്പുകാരൻ മാത്രമാണ് ഞാൻ.

പ്രവാചക കഥകളുടെ കാര്യത്തിൽ മുൻ സൂറയുടെ പൂരകമാണ് ഈ സൂറ. മുൻ സൂറയിൽ പരാമർശിച്ചിട്ടില്ലാത്ത ദാവൂദ് (അ), സുലൈമാൻ (അ) നബിമാരെ ഈ സൂറ വിശദമായി പരാമർശിച്ചിരിക്കുന്നു. മുൻ സൂറ സംക്ഷിപ്തമായി പറഞ്ഞ മൂസാ (അ), സ്വാലിഹ് (അ), ലൂത്വ് (അ) പ്രവാചകന്മാരുടെ കഥകൾ ഈ സൂറ വിസ്തരിച്ചു പറയുന്നുണ്ട്. രണ്ടു സൂറകളും തുടങ്ങുന്നത് ഏറക്കുറെ ഒരേ വാക്യങ്ങളിലാണ്: .....تِلْكَ آيَاتُ. രണ്ടു സൂറകളുടെയും അവസാനഭാഗത്ത് ഖുർആന്റെ വിശുദ്ധിയും മഹത്വവും അവതരണ ലക്ഷ്യവും പ്രസ്താവിച്ചിരിക്കുന്നു. രണ്ടു സൂറകളുടെയും മുഖ്യ പ്രമേയവും സമാനമാണ്. ഇതൊക്കെ *അശ്ശുഅറാഉം അന്നംലും* തമ്മിലുള്ള പ്രധാന സാദൃശ്യങ്ങളാണ്. അതുകൊണ്ടുതന്നെയാവാം അവ തുടർച്ചയായി അവതരിച്ചതും അവതരണക്രമത്തിൽതന്നെ മുസ്ഹഫിൽ ക്രോഡീകരിക്കപ്പെട്ടതും. ■

---

بسم الله الرّحمن الرّحيم

طس ۚ تِلْكَ آيَاتُ الْقُرْآنِ وَكِتَابٍ مُّبِينٍ ﴿١﴾

1. ത്വാ-സീൻ, ഇതു ഖുർആൻ സൂക്തങ്ങളാകുന്നു. സുവ്യക്തമായ വേദസൂക്തങ്ങളുമത്രെ.

**1**

تِلْكَ آيَاتُ الْقُرْآنِ = ഇതു ഖുർആൻ സൂക്തങ്ങളാകുന്നു
وَكِتَابٍ مُّبِينٍ = സുവ്യക്തമായ വേദസൂക്തങ്ങളുമത്രെ

സൂറകളുടെ തുടക്കത്തിലുള്ള ഒറ്റ അക്ഷരങ്ങൾ നേരത്തേ ചർച്ച ചെയ്യപ്പെട്ടതാണ്. ഇത്തരം അക്ഷരങ്ങൾ വാക്കുകളെ പ്രതിനിധീകരിക്കുന്നു എന്നു വീക്ഷണമുള്ള ഇബ്നു അബ്ബാസ്, ത്വാഉം സീനും അല്ലാഹുവിന്റെ വിശുദ്ധ നാമങ്ങളായ اللطيف-നെയും السميع-നെയും സൂചിപ്പിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ സൂക്തത്തിന്റെയും തുടർന്നുള്ള ഏതാനും സൂക്തങ്ങളുടെയും ആശയം പദപരമായ ചെറിയ വ്യത്യാസങ്ങളോടെ *അൽബഖറ* : 2-5, *അൽ ഹിജ്ർ* : 1, *അശ്ശുഅറാഅ്* : 2 സൂക്തങ്ങളിൽ അവതരിപ്പിച്ചതുതന്നെയാണ്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണാം. ഇവിടെ ഉദ്ദേശ്യമിതാണ്: ഇത് സദാ പാരായണം ചെയ്യപ്പെടാനുള്ള ഖുർആൻ സൂക്തങ്ങളാകുന്നു. സുവ്യക്തമായ വേദസൂക്തങ്ങളുമാകുന്നു. അല്ലാഹു അവതരിപ്പിച്ച വേദസൂക്തങ്ങളാണിതെന്ന കാര്യം മറ്റൊരു ദൃഷ്ടാന്തത്തിന്റെ ആവശ്യമില്ലാത്തവിധം സ്വയം സ്പഷ്ടമാകുന്നു. സത്യവും സന്മാർഗവും അതിഭൗതിക യാഥാർഥ്യങ്ങളും ഈ വേദം വെളിപ്പെടുത്തുന്നതുപോലെ വെളിപ്പെടുത്താൻ അല്ലാഹുവിനല്ലാതെ കഴിയുകയില്ല. ഇവിടെ ഖുർആനെയും വേദത്തെ (كتاب) യും ചേർത്തു പറഞ്ഞത് ഈ വചനങ്ങളുടെ മഹത്വത്തെയും ആധികാരികതയെയും മുഴപ്പിച്ചു കാണിക്കുന്നു. അതായത് ഇത് പരിഹസിച്ചുതള്ളേണ്ട

കാര്യമല്ല, സർവജ്ഞനായ ദൈവത്തിങ്കൽനിന്നുള്ള അരുളപ്പാടുകളാകുന്നു. അതിന്റെ തെളിവുകളും ന്യായങ്ങളും ഈ വചനങ്ങളിൽ തന്നെ അന്തർഭവിച്ചിരിക്കുന്നു. അതിനെ പുഛരിച്ചു തള്ളാൻ തുനിയുന്നവർ ആ നടപടിയുടെ അനന്തരഫലം എന്തായിരിക്കുമെന്ന് സഗൗരവം ആലോചിച്ചുനോക്കട്ടെ. ■

---

هُدًى وَبُشْرَىٰ لِلْمُؤْمِنِينَ ﴿٢﴾

الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُم بِالْآخِرَةِ هُمْ يُوقِنُونَ ﴿٣﴾

2. സത്യധർമങ്ങളംഗീകരിക്കുന്നവർക്ക് മാർഗദർശകവും സുവിശേഷവുമായിട്ടുള്ളത്.

3. അവരോ, നമസ്കാരം മുറപ്രകാരം നിലനിർത്തുന്നവരും സകാത്ത് കൊടുക്കുന്നവരുമാകുന്നു. പരലോകത്തെക്കുറിച്ച് ദൃഢബോധ്യമുള്ളവരും അവർ തന്നെയാകുന്നു.

**2,3**

هُدًى وَبُشْرَىٰ = മാർഗദർശകവും സുവിശേഷവുമായിട്ടുള്ളത്

لِلْمُؤْمِنِينَ = വിശ്വസിക്കുന്നവർക്ക് (സത്യധർമങ്ങൾ അംഗീകരിക്കുന്നവർക്ക്) الَّذِينَ = അവരോ

يُقِيمُونَ الصَّلَاةَ = നമസ്കാരം നിലനിർത്തുന്നവ(രും)രാകുന്നു وَيُؤْتُونَ الزَّكَاةَ = സകാത്ത് കൊടുക്കുന്നവരുമാകുന്നു

وَهُم بِالْآخِرَةِ هُمْ = (തന്നെയാകുന്നു പരലോകത്തെക്കുറിച്ച്) അവർ മാത്രം പരലോകം കൊണ്ട്

يُوقِنُونَ = (ദൃഢബോധ്യമുള്ളവരും) ഉറച്ചു വിശ്വസിക്കുന്നു

പ്രവാചകന്റെ പ്രതിയോഗികൾ മാനിച്ചാലും ഇല്ലെങ്കിലും ശരി, സത്യധർമങ്ങൾ അംഗീകരിക്കാൻ സന്നദ്ധതയുള്ളവർക്ക് മാർഗദർശനവും സുവിശേഷവുമായിട്ടാണ് ഇതവതരിച്ചിരിക്കുന്നത്. അത്തരക്കാർ ഈ വേദം അനുശാസിക്കുന്ന നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നു. മരണാനന്തര ജീവിതത്തിൽ ദൃഢബോധ്യമുള്ളവരുമാണവർ. ഭൗതികജീവിതം സംസ്കരിക്കുന്നതിനുള്ള നിയമനിർദേശങ്ങളാണ് ഹിദായത്ത്- മാർഗദർശനം. അങ്ങനെ സംസ്കൃതരായവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന സൗഭാഗ്യങ്ങൾ സംബന്ധിച്ച അറിയിപ്പാണ് ബശാറത്ത് -സുവിശേഷം. تَبْشِير (സുവിശേഷം നൽകുക)ന്റെ നാമപദമാണ് മൂലത്തിലെ بُشْرَىٰ.

ഇഖാമത്തുസ്സ്വലാത്തും ഈതാഉസ്സകാത്തും (നമസ്കാരം നിലനിർത്തലും സകാത്ത് കൊടുക്കലും) സത്യവിശ്വാസികളുടെ സ്വഭാവത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന വിശേഷണമാകുന്നു. ഈ രണ്ടു കാര്യങ്ങൾ അവയുടെ അന്തസ്സത്തയറിഞ്ഞ് നിർവഹിക്കുന്നവർ ദീനിന്റെ മറ്റെല്ലാ നന്മകളാലും വിഭൂഷിതരായിരിക്കും. ആദ്യത്തേത് അല്ലാഹുവുമായുള്ള സുദൃഢവും വിശിഷ്ടവുമായ ബന്ധത്തെയും രണ്ടാമത്തേത് സൃഷ്ടികളുമായുള്ള വിശിഷ്ടവും സുന്ദരവുമായ ബന്ധത്തെയും പ്രതിനിധീകരിക്കുന്നു.

'അവർ തന്നെയാകുന്നു പരലോകത്തിൽ ദൃഢബോധ്യമുള്ളവർ -وَهُم بِالْآخِرَةِ هُمْ يُوقِنُونَ - എന്ന വാക്യത്തിന്റെ താൽപര്യം, നമസ്കാരത്തിലും സകാത്തിലും നിഷ്ഠയുള്ളവർ മാത്രമാണ് യഥാർഥ പരലോകവിശ്വാസികൾ എന്നാണ്. അഥവാ പരലോകവിശ്വാസമുള്ളവർ തീർച്ചയായും നമസ്കാരത്തിലും സകാത്തിലും നിഷ്ഠയുള്ളവരായിരിക്കും. അവരാണ് സത്യവിശ്വാസം കൈക്കൊള്ളാൻ ഉതവി ലഭിച്ചവരും. മുഅ്മിനുകളാണെന്ന് അവകാശപ്പെടുന്നവർ നമസ്കാരവും സകാത്തും ഉപേക്ഷിക്കുന്നുവെങ്കിൽ അവർ യഥാർഥ മുഅ്മിനുകളല്ല. നാളെ പരലോകത്ത് അല്ലാഹുവിനെ അഭിമുഖീകരിക്കേണ്ടിവരുമെന്ന ഉത്തമബോധ്യവും അവർക്കില്ല. നമസ്കാരത്തിലും സകാത്തിലും അലംഭാവം അനുവർത്തിക്കുകയോ അതു നിർവഹിക്കുന്നത് ഏറെ ക്ലേശകരമായി തോന്നുകയോ ചെയ്യുന്നവർ ആ നിലപാടിന്റെ തോതനുസരിച്ച് പരലോക വിശ്വാസം ദുർബലമായവരാണ്. 'ഇസ്‌ലാമിനെയും കുഫ്റിനെയും വേർതിരിക്കുന്നത് നമസ്കാരമാകുന്നു' എന്ന് നബി(സ) പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ അനുസ്മരണീയമാകുന്നു. ■

---

إِنَّ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ زَيَّنَّا لَهُمْ أَعْمَالَهُمْ فَهُمْ يَعْمَهُونَ ﴿٤﴾

أُولَٰئِكَ الَّذِينَ لَهُمْ سُوءُ الْعَذَابِ وَهُمْ فِي الْآخِرَةِ هُمُ الْأَخْسَرُونَ ﴿٥﴾

4. പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ദുഷ്ചെയ്തികൾ നാം അലങ്കാരമായി തോന്നിച്ചതിനാൽ അവരതിൽ വഴിതെറ്റി വിഹരിക്കുകയാണ്.

5. അക്കൂട്ടർ നികൃഷ്ടമായ ശിക്ഷയുള്ളവരാകുന്നു. പരലോകത്ത് സർവോപരി നഷ്ടം ഭവിക്കുന്നവരും അവർ തന്നെ.

**4,5**

إِنَّ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ = പരലോകവിശ്വാസമില്ലാത്തവർ(വരുടെ)
زَيَّنَّا لَهُمْ = (അവർക്കു നാം അലങ്കാരമാക്കി(തോന്നിച്ചു) أَعْمَالَهُمْ = ദുഷ്ചെയ്തികൾ
فَهُمْ يَعْمَهُونَ = അതിനാൽ അവരതിൽ വഴിതെറ്റി വിഹരിക്കുകയാകുന്നു
أُولَٰئِكَ = അക്കൂട്ടർ الَّذِينَ لَهُمْ سُوءُ الْعَذَابِ = ചീത്ത (രൗദ്രമായ) ശിക്ഷയുള്ളവരാകുന്നു
وَهُمْ فِي الْآخِرَةِ هُمُ = അവർ മാത്രം(തന്നെ)യാകുന്നു പരലോകത്തിൽ
الْأَخْسَرُونَ = (ഏറ്റം നഷ്ടപ്പെട്ടവർ (സർവോപരി നഷ്ടം ഭവിക്കുന്നവരും)

ആളുകൾ സത്യനിഷേധവും അധാർമിക ജീവിതവും സ്വീകരിക്കുന്നതിന്റെ അടിസ്ഥാന കാരണത്തിലേക്ക് വിരൽ ചൂണ്ടുകയാണ്. പരലോകവിശ്വാസത്തിന്റെ അഭാവമാണത്. ഈ ലോകത്തിനപ്പുറം മറ്റൊരു ലോകവും ഈ ജീവിതത്തിനപ്പുറം മറ്റൊരു ജീവിതവും ഇല്ലെന്ന് കരുതുന്നവർക്ക് തോന്നുംപടി ജീവിക്കാം. സത്യവും ധർമവും നീതിയുമൊക്കെ മിഥ്യയാണ്. തനിക്കു ആനന്ദം നൽകുന്നതെന്തോ അതുമാത്രമാണ് നന്മ. ഭൗതികസുഖങ്ങൾ പരമാവധി ആസ്വദിക്കുക തന്നെയാണ് മാനുഷിക ധർമം. ആരുടെ മുമ്പിലും ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കേണ്ടതില്ല. മരണാനന്തര ജീവിതവും രക്ഷാ ശിക്ഷകളും കേവലം മിഥ്യാ സങ്കൽപങ്ങളാകുന്നു. ഈ വിചാരത്താൽ നയിക്കപ്പെടുന്നവർക്ക് സ്വന്തം ചെയ്തികളെല്ലാം ഭൂഷണമായിതോന്നുന്നു. ആജീവനാന്തം അതിൽതന്നെ അന്ധരായി വിഹരിക്കുകയും ചെയ്യുന്നു.

അല്ലാഹു തന്റെ അന്തരാളത്തിൽ നിവേശിപ്പിച്ചിട്ടുള്ള മൗലികമായ ധർമബോധത്തെയും ദൈവവിചാരത്തെയും അവഗണിച്ചുകൊണ്ട് ഭൗതികാസക്തികളെയും അഭിനിവേശങ്ങളെയും മാത്രം വളർത്തുന്നവർ സത്യധർമങ്ങളിൽ വിമുഖരാവുകയും അസത്യത്തിലും അധർമത്തിലും ആകൃഷ്ടരാവുകയും ചെയ്യുക എന്നത് പ്രകൃതിനിയമം - അല്ലാഹുവിന്റെ സുന്നത്ത് - ആകുന്നു. ഇതാണ് പരലോക വിശ്വാസമില്ലാത്തവരുടെ ദുഷ്ചെയ്തികൾ അവർക്ക് ഭൂഷണമാക്കിയതിന്റെ കർതൃത്വം അല്ലാഹുവിലേക്കു ചേർത്തു പറഞ്ഞതിന്റെ താൽപര്യം. നേരത്തേ അൽബഖറ 15-ാം സൂക്തത്തിൽ ഈ ആശയം وَيَمُدُّهُمْ فِي طُغْيَانِهِمْ يَعْمَهُونَ - അവരുടെ അതിക്രമത്തിൽ വിഹരിക്കാൻ അവൻ അവർക്ക് അവസരം നീട്ടിക്കൊടുക്കുന്നു - എന്ന വാക്യത്തിലും അൽഅൻആം 108-ാം സൂക്തത്തിൽ كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ -ഈവിധം ഓരോ സമുദായത്തിനും അവരുടെ ചെയ്തികളെ നാം ഭൂഷണമായി തോന്നിക്കുന്നു- എന്ന വാക്യത്തിലും അവതരിപ്പിച്ചിട്ടുണ്ട്.

മനുഷ്യനെ ചെകുത്താൻ സ്വാധീനിക്കുന്നതിലൂടെയാണ് ഈ പ്രകൃതിനിയമം നടപ്പിലാകുന്നത്. സ്വന്തം സദ്ബോധത്തെ ദുർബലപ്പെടുത്തുന്ന ഹൃദയങ്ങളെ ചെകുത്താൻ കീഴടക്കുന്നു. അവരുടെ ദുഷ്പ്രവണതകളെ പോഷിപ്പിക്കുന്നു. നന്മകളെ തിന്മകളായും മറിച്ചും വൈകൃതങ്ങളെ സൗന്ദര്യമായും മറിച്ചും തോന്നിപ്പിക്കുന്നു. തിന്മകളെ സുന്ദരമായി തോന്നിക്കുന്നതിന്റെ കർതൃത്വം ചെകുത്താനിലേക്ക് ചേർത്തുകൊണ്ടാണ് അധിക സന്ദർഭങ്ങളിലും ഖുർആൻ പറഞ്ഞിട്ടുള്ളത്. ഈ സൂറയിലെ 24-ാം സൂക്തം ഉദാഹരണം. 6:43, 8:48, 16:63, 29:38 തുടങ്ങിയ സൂക്തങ്ങൾ ദുഷ്ടജനത്തിന് ചെകുത്താൻ ദുഷ്ചെയ്തികൾ സുന്ദരമായി തോന്നിപ്പിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ദുഷ്പ്രവണതകൾക്ക് മുൻതൂക്കമുള്ള മനസ്സുകളെ വഴിതെറ്റിക്കാൻ പ്രതിജ്ഞാബദ്ധനാണ് ചെകുത്താൻ. അല്ലാഹുവിനോട് അവൻ ആണയിട്ടു പറഞ്ഞിട്ടുണ്ട് :

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ﴿٨٢﴾ إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ ﴿٨٣﴾

(അവൻ പറഞ്ഞു: നിന്റെ പ്രതാപമാണ, അവരെല്ലാവരെയും വഴിതെറ്റിക്കുക തന്നെ ചെയ്യും; അവരിലുള്ള, നിന്റെ നിഷ്കളങ്ക ദാസന്മാരെയൊഴിച്ച്' - സ്വാദ്: 82,83). അല്ലാഹു പറഞ്ഞു:

إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ إِلَّا مَنِ اتَّبَعَكَ مِنَ الْغَاوِينَ ﴿٤٢﴾

(എന്റെ യഥാർഥ ദാസന്മാരിൽ നിനക്ക് ഒരധികാരവും ലഭിക്കുകയില്ല; നിന്നെ പിന്തുടർന്ന വഴിതെറ്റിയവരിൽ മാത്രമേ നിനക്കു അധികാരം ലഭിക്കൂ). വഴിപിഴച്ച് ചെകുത്താനെ പിന്തുടർന്നവരെക്കുറിച്ചാണ് خَتَمَ اللَّهُ عَلَىٰ قُلُوبِهِمْ (അല്ലാഹു അവരുടെ ഹൃദയങ്ങൾ അടച്ചു സീൽ ചെയ്തിരിക്കുന്നു - 2:7) എന്നും زَيَّنَّا لَهُمْ أَعْمَالَهُمْ -നാം അവരുടെ കർമങ്ങൾ സുന്ദരമാക്കിതോന്നിച്ചു- എന്നും പറയുന്നത്. അത്തരക്കാർ ഈ ലോകത്തു തന്നെ മോശപ്പെട്ട ദുരിതങ്ങളനുഭവിക്കേണ്ടിവരും. لَهُمْ سُوءُ الْعَذَابِ എന്നു പറഞ്ഞതിനുശേഷം പരലോകത്ത് എല്ലാം നഷ്ടപ്പെട്ടവരും അവർ തന്നെയാണ് എന്നു പറഞ്ഞിട്ടുള്ളതിൽനിന്ന് അത് വ്യക്തമാകുന്നു. പ്രവാചകന്മാരെ നിഷേധിക്കുന്ന പ്രബോധിതരെ സംബോധന ചെയ്തുകൊണ്ടാണിത് പറയുന്നത്. പ്രവാചകനിഷേധികൾക്ക് നേരിടേണ്ടി വന്ന ഐഹിക ദുരിതങ്ങൾ അധികവും കൂട്ടനശീകരണങ്ങളായിരുന്നു. പ്രവാചകശിഷ്യന്മാരുടെ മഹാവിജയത്തിന്റെയും നിഷേധികളുടെ വൻ പരാജയത്തിന്റെയും രൂപത്തിലും ചില സമുദായങ്ങൾ അതനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പരലോകത്തെക്കുറിച്ച് ഒട്ടും ചിന്തിക്കാതെ ഭൗതിക സുഖാസ്വാദനത്തെ ജീവിതലക്ഷ്യമായി കണ്ട് സത്യാസത്യങ്ങളും ധർമാധർമങ്ങളും ഹിതാഹിതങ്ങളും പരിഗണിക്കാതെ ഭൗതികസുഖങ്ങൾ മാത്രം വാരിക്കൂട്ടി വാണവർ പരലോകത്തെത്തുമ്പോൾ ഇവിടെ അവർ നേടിയതെല്ലാം നഷ്ടപ്പെട്ടിരിക്കും. എന്നു മാത്രമല്ല ഇഹത്തിലെ നേട്ടങ്ങളെല്ലാം അവരുടെ ശാശ്വതമായ പരലോകരക്ഷയെ അപ്പാടെ നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കും. ഇതാണ് وَهُمْ فِي الْآخِرَةِ എന്ന വാക്യത്തിന്റെ താൽപര്യം. മുൻസൂക്തത്തിലെ وَهُمْ بِالْآخِرَةِ هُمْ يُوقِنُونَ എന്ന വാക്യം പോലെ സവിശേഷമായ ഊന്നലോടെയാണ് ഈ വാക്യവും അവതരിപ്പിച്ചിരിക്കുന്നത്. ■